## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.585 | 28.03.2018 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.നൗഷാദ്<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്രിയാത്മകമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതു കമ്പോളത്തിലെ വില നിലവാരം പിടിച്ചുനിർത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) പഞ്ചസാര, പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നിവ ഇ-ലേലം മുഖേനയും സബ്സിഡി നിരക്കിലുള്ള മറ്റ് അവശ്യസാധനങ്ങൾ ഇ-ടെൻഡറിലൂടെയും വാങ്ങി വരുന്നു. കൂടുതൽ അരി വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഓയിൽ പാം വഴി അരി സംഭരണം നടത്തി സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഓണക്കാലത്ത് അരിവില വർദ്ധനവ് രേഖപ്പെടുത്തിയതിനാൽ ആന്ധ്രയിൽ നിന്ന് നേരിട്ട് അരി വാങ്ങി വിപണനം നടത്തിയിരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (ബി) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിലും സപ്ലൈകോ വിൽപ്പന ശാലകളിലൂടെ ലഭ്യമാക്കി വരുന്നു. വിപണിയിടപെടലിനായി 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സാധിക്കുകയും കൂടുതൽ വിൽപ്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) വിപണി ഇടപെടൽ കൂടുതൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ എത്ര വില്പനശാലകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്; | (സി) 2017-18 സാമ്പത്തിക വർഷം പതിനേഴ് വില്പനശാലകൾ പുതുതായി ആരംഭിക്കുകയും 7 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) സബ്സിഡി നൽകുന്ന ഇനത്തിൽ സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) നടപ്പ് സാമ്പത്തിക വർഷം സബ്സിഡി നൽകുന്ന ഇനത്തിലുള്ള നഷ്ടം നികത്തുന്നതിന് 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ